# സമ്പാദിക്കുക, ചെലവഴിക്കുക

● ജമാൽ കടന്നപ്പള്ളി

**ഇസ്‌ലാം** ചില മതങ്ങളെപ്പോലെ ഒരു സന്യാസമതമല്ല. ഇസ്‌ലാം ഇരു ലോക വിജയവും വാഗ്ദാനം ചെയ്യുന്നു. പരലോകം മാത്രമല്ല ഇഹലോകവും നമുക്ക് കെട്ടിപ്പടുക്കേണ്ടതുണ്ട്. അനസ്(റ) പറഞ്ഞു: "നാഥാ ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് നീ നന്മ പ്രദാനം ചെയ്യേണമേ, നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ സംരക്ഷിക്കേണമേ എന്നതായിരുന്നു നബി(സ)യുടെ പ്രാർഥനകളധികവും.'' പിൽക്കാലക്കാരാണ് ഭൗതിക മേഖലയിൽനിന്നും തൗഹീദിനെ മാറ്റിനിർത്തിയത്. ഈ ആദർശവ്യതിചലനമത്രെ മുസ്‌ലിം പിന്നാക്കാവസ്ഥയുടെ മൗലിക കാരണങ്ങളിലൊന്ന്. ഖുർആൻ സമ്പത്തിനെ ആദർശത്തോട് ചേർത്തുവെക്കുന്നത് കാണുക: "നാടുകളിലെ നിവാസികൾ സത്യത്തിൽ വിശ്വസിക്കുകയും ദൈവഭക്തരാവുകയും ചെയ്താൽ നാം അവർക്ക് ആകാശത്തുനിന്നും ഭൂമിയിൽനിന്നും അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കുന്നതാകുന്നു'' (*അൽഅഅ്റാഫ്* 96). "പുരുഷനാവട്ടെ സ്ത്രീയാവട്ടെ ഏതൊരാൾ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമങ്ങളാചരിക്കുന്നുവോ ഈ ലോകത്ത് അവനെ നാം വിശുദ്ധമായ രീതിയിൽ ജീവിപ്പിക്കും. (പരലോകത്തിൽ) അവരുടെ പ്രതിഫലം അവരുടെ ഏറ്റവും ശ്രേഷ്ഠമായ കർമങ്ങളുടെ അടിസ്ഥാനത്തിൽ നൽകുകയും ചെയ്യും'' (*അന്നഹ്ൽ* 97). "ഒരാൾ അല്ലാഹുവിനോട് ഭക്തിപുലർത്തിക്കൊണ്ട് വർത്തിച്ചാൽ അവന് വിഷമങ്ങളിൽനിന്ന് മോചനം നേടാൻ അല്ലാഹു ഒരു മാർഗമുണ്ടാക്കിക്കൊടുക്കും. അവൻ ഊഹിക്കപോലും ചെയ്യാത്ത മാർഗത്തിലൂടെ അവന് വിഭവമരുളുകയും ചെയ്യും. ആര് അല്ലാഹുവിൽ ഭരമേൽപിക്കുന്നുവോ അയാൾക്ക് അവൻതന്നെ മതി" (*അത്ത്വലാഖ്* 2,3). ''അല്ലാഹു നിനക്ക് നൽകിയവയിലൂടെ പരലോകനേട്ടം കരസ്ഥമാക്കാൻ ശ്രമിക്കുക. എന്നാൽ ഈ ലോകത്ത് നിനക്ക് അനുവദിക്കപ്പെട്ട അംശം വിസ്മരിക്കരുത്. അല്ലാഹു നിന്നോട് ഔദാര്യം കാണിച്ചതുപോലെ നീ ആളുകളോടും ഉദാരത കാണിക്കുക. ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ കൊതിക്കരുത്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല" (*അൽഖസ്വസ്* 77). "ചോദിക്കുക: അല്ലാഹു അവന്റെ ദാസന്മാർക്കായി ഉൽപാദിപ്പിച്ച അലങ്കാരങ്ങളെ നിഷിദ്ധമാക്കുകയും ദൈവികദാനമായ ഉത്തമ വിഭവങ്ങളെ വിലക്കുകയും ചെയ്തവനാര്? പറയുക: ഈ വിഭവങ്ങളെല്ലാം ഭൗതികജീവിതത്തിൽ വിശ്വാസികൾക്കുള്ളതാകുന്നു. അന്ത്യനാളിലോ അതവർക്ക് മാത്രമുള്ളതായിരിക്കും. നാം നമ്മുടെ വൃത്താന്തങ്ങൾ അറിവുള്ള ജനത്തിനുവേണ്ടി ഈവിധം സുവ്യക്തമായി വിവരിക്കുകയാകുന്നു" (*അൽഅഅ്റാഫ്* 32).

ഇസ്‌ലാം തൊഴിലിനു നൽകുന്ന പ്രാധാന്യം കൂടി മനസ്സിലാക്കുമ്പോഴാണ് ഐഹികലോകം കെട്ടിപ്പടുക്കൽ ഒരു തൗഹീദീ ബാധ്യതയാണെന്ന് ബോധ്യപ്പെടുക. തൊഴിൽജീവിതത്തെ വിശുദ്ധ ഖുർആൻ ശ്രേഷ്ഠമായ നമസ്കാരത്തോടും ജിഹാദിനോടും ചേർത്തുപറഞ്ഞിട്ടുണ്ട്. "നമസ്കാരം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹം

**അധ്വാനിക്കാനും മൂല്യനിഷ്ഠമായ മാർഗേണ സമ്പാദിച്ച് ഐഹിക ലോകം നിർമിച്ചെടുക്കാനുമാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതുവഴി സമ്പൂർണമായ പാരത്രിക വിജയം നേടാനും. എന്നാൽ, തൗഹീദിനെ സമഗ്രമായി മനസ്സിലാക്കാത്തതുകൊണ്ടും തൗഹീദിന്റെ സാമ്പത്തിക വീക്ഷണം യഥാവിധി ഉൾക്കൊള്ളാത്തതുകൊണ്ടും ഇസ്‌ലാമിന്റെ ഈ സുന്ദര വശത്തെ പലരും തമസ്കരിക്കുന്നു. ഇസ്‌ലാം ദാരിദ്ര്യത്തിന്റെ മതമാണെന്നുവരെ ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്.**

തേടുകയും അല്ലാഹുവിനെ അധികമധികം സ്മരിക്കുകയും ചെയ്യുക. നിങ്ങൾക്ക് വിജയമുണ്ടായേക്കാം'' (*അൽജുമുഅ* 10). "നിങ്ങളിൽ ചിലർ ദൈവാനുഗ്രഹം തേടി ഭൂമിയിൽ സഞ്ചരിക്കുന്നവരും ചിലർ ദൈവമാർഗത്തിൽ സമരം ചെയ്യുന്നവരുമാണെന്ന് അല്ലാഹുവിനറിയാം" (*മുസ്സമ്മിൽ* 20). നബി(സ) അരുൾ ചെയ്യുന്നു: "സത്യവാനും വിശ്വസ്തനുമായ വ്യാപാരി അന്ത്യനാളിൽ ദൈവദൂതന്മാരുടെയും പുണ്യവാളന്മാരുടെയും രക്തസാക്ഷികളുടെയും കൂടെയാണ്'' (തിർമിദി). ''സ്വകരങ്ങളുടെ പ്രയത്നം വഴി നേടിയതിനേക്കാൾ ശ്രേഷ്ഠമായ ഒരാഹാരവും ആരുമിതുവരെ കഴിച്ചിട്ടില്ല" (ബുഖാരി). "സന്ധ്യയോളം തൊഴിലെടുക്കുന്നവൻ ആ സന്ധ്യയിൽ പാപമോചിതനായിരിക്കും" (ത്വബ്റാനി). കാർഷികവൃത്തിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: "ഒരു മുസ്‌ലിം വല്ലതും കൃഷി ചെയ്യുകയോ നടുകയോ ചെയ്തിട്ട് അതിന്റെ വിളയിൽനിന്നൽപം പക്ഷിയോ മൃഗമോ മനുഷ്യനോ ഭക്ഷിക്കാനിടവന്നാൽ അത് ആ കർഷകന് പ്രതിഫലാർഹമായ ദാനമായി പരിണമിക്കും" (ബുഖാരി). ഇസ്‌ലാം മുഴുവൻ തൊഴിലുകളെയും മഹത്തരമായി കാണുന്നു എന്നതും ശ്രദ്ധേയമാണ്.

ഒരിക്കൽ നബി(സ) പറഞ്ഞു: "ഇടയവൃത്തിയിലേർപ്പെടാത്ത ഒരാളെയും അല്ലാഹു പ്രവാചകനായി നിയോഗിച്ചിട്ടില്ല." ഒരാൾ ചോദിച്ചു: താങ്കളോ പ്രവാചകരേ?'' അദ്ദേഹം പറഞ്ഞു: ''മക്കക്കാർക്കു വേണ്ടി കുറഞ്ഞ കൂലിക്ക് ഞാൻ ആട് മേയ്ക്കുമായിരുന്നു" (ഹാകിം). ദാവൂദ് നബി(അ) ഇരുമ്പ് പണിക്കാരനും ആദം (അ) കർഷകനും നൂഹ് (അ) ആശാരിയും ഇദ്‌രീസ് (അ) തയ്യൽക്കാരനും മൂസാ(അ) ഇടയനുമായിരുന്നു. യാചന ഇസ്‌ലാം കർക്കശമായി നിരോധിച്ചതും ഇതോട് ചേർത്തു വായിക്കണം: "യാചനയുടെ കവാടം തുറക്കുന്നവന് അല്ലാഹു ദാരിദ്ര്യത്തിന്റെ കവാടം തുറന്നുകൊടുക്കുകയേയുള്ളൂ" (അഹ്മദ്). ''ജനങ്ങളോട് നിരന്തരം യാചിക്കുന്നവർ സ്വന്തം മുഖത്ത് അശേഷം മാംസമില്ലാതെയാണ് അന്ത്യദിനത്തിൽ പ്രത്യക്ഷപ്പെടുക" (ബുഖാരി). "ഉയർന്ന കരങ്ങളാണ് താഴ്ന്ന കരങ്ങളേക്കാൾ ഉത്തമം" (ബുഖാരി, മുസ്‌ലിം).

എന്നാൽ സമ്പത്തുണ്ടാക്കി സമൂഹത്തിൽ ചെലവഴിക്കാതെയും ദാനധർമങ്ങൾ നൽകാതെയും കെട്ടിപ്പൂട്ടി വെക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. വിശുദ്ധ ഖുർആൻ പറഞ്ഞു: "സകാത്ത് കൊടുക്കാതിരിക്കുകയും പരലോകത്തെ നിഷേധിക്കുകയും ചെയ്യുന്ന മുശ്‌രിക്കുകൾക്ക് നാശം'' (*ഫുസ്സിലത്ത്* 6,7). "അടുത്ത ബന്ധുവിനും ദരിദ്രനും വഴിയാത്രക്കാരനും അവരുടെ അവകാശങ്ങൾ കൊടുക്കുക" (*അർറൂം* 38). ''ദീനിനെ കളവാക്കുന്നവനെ നീ കണ്ടുവോ? അനാഥനെ തള്ളിപ്പുറത്താക്കുന്നവനാണവൻ. അഗതികൾക്ക് ആഹാരം നൽകാൻ പ്രേരിപ്പിക്കാത്തവനുമാണവൻ" (*അൽമാഊൻ* 1-3). സമ്പത്തിന്റെ ദുരുപയോഗത്തെ തൗഹീദിന് വിരുദ്ധമായാണ് ഖുർആൻ എണ്ണിയത്. 'നിങ്ങൾ യഥാർഥ വിശ്വാസികളാണെങ്കിൽ പലിശ ഉപേക്ഷിക്കണ'മെന്ന് ഖുർആൻ 2:278-ൽ പറയുമ്പോൾ പിശുക്കും ധൂർത്തും പൈശാചികവൃത്തികളാണെന്ന് വിവിധ രൂപേണ ഖുർആൻ പഠിപ്പിക്കുന്നു.

ചുരുക്കത്തിൽ, അധ്വാനിക്കാനും മൂല്യനിഷ്ഠമായ മാർഗേണ സമ്പാദിച്ച് ഐഹികലോകം നിർമിച്ചെടുക്കാനുമാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതുവഴി സമ്പൂർണമായ പാരത്രിക വിജയം നേടാനും. എന്നാൽ, തൗഹീദിനെ സമഗ്രമായി മനസ്സിലാക്കാത്തതുകൊണ്ടും തൗഹീദിന്റെ സാമ്പത്തിക വീക്ഷണം യഥാവിധി ഉൾക്കൊള്ളാത്തതുകൊണ്ടും ഇസ്‌ലാമിന്റെ ഈ സുന്ദര വശത്തെ പലരും തമസ്കരിക്കുന്നു. ഇസ്‌ലാം ദാരിദ്ര്യത്തിന്റെ മതമാണെന്നു വരെ ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ചില ഖുർആൻ സൂക്തങ്ങളും പ്രവാചകവചനങ്ങളും തെറ്റായി മനസ്സിലാക്കിയതുകൊണ്ടാണിത്. 'സുഹ്ദ്' (ഭൗതികവിരക്തി) എന്നത് ഖുർആനും സുന്നത്തും അംഗീകരിച്ചതാണ്. ഇതുപക്ഷേ അല്ലാഹു നമുക്കനുവദിച്ച ഭൗതിക സൗകര്യങ്ങൾ അനുഭവിക്കുന്നതിന് ഒരിക്കലും എതിരല്ല. ഭൗതികതയിൽ മുഴുകി നമ്മുടെ സാക്ഷാൽ ലക്ഷ്യവും ദൗത്യവും വിസ്മരിക്കാൻ പാടില്ല. അതാണ് സുഹ്ദ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഐഹികലോകത്തിന്റെ ആസക്തികൾക്കെതിരെ മാനസിക വിരക്തി പുലർത്തിക്കൊണ്ടു തന്നെ നബി(സ) നല്ല വസ്ത്രം ധരിച്ചു. നല്ല ഭക്ഷണം കഴിച്ചു. മാംസം [illegible] വർജിച്ചില്ല. തേൻ കുടിച്ചു. ചുവന്ന വസ്ത്രം ധരിച്ചു. ഭംഗിയുള്ള യമനീ വസ്ത്രവുമണിഞ്ഞിട്ടുണ്ട്. നബി(സ) ദാരിദ്ര്യത്തിനെതിരെ പ്രാർഥിച്ചിട്ടുമുണ്ട്. നബി(സ)യെ അല്ലാഹു സമ്പന്നൻ (ഗനിയ്യ്) ആക്കിയതായി വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. "താങ്കളെ നാം നിർധനനായി കാണുകയും തുടർന്ന് സമ്പന്നനാക്കുകയും ചെയ്തില്ലയോ?" (*അദ്ദുഹാ* 8).

എന്നാൽ നബി(സ) ജീവിതത്തിൽ ഒരു തരം 'ഫഖ്റ്' തെരഞ്ഞെടുത്തിട്ടുണ്ട് എന്നത് ശരിയാണ്. അതുപക്ഷേ പ്രവാചകനെന്ന നിലയിൽ തിരുദൂതർ 'സ്വയം തെരഞ്ഞെടുത്ത പദവി'യത്രെ. മറ്റൊരു വിധം പറഞ്ഞാൽ പ്രവാചകൻ(സ) മൗലികമായി 'ഗനിയ്യ്' ആയിരുന്നു. എന്നാൽ അദ്ദേഹം ദരിദ്രജീവിതം തൃപ്തിപ്പെട്ട് തെരഞ്ഞെടുക്കുകയായിരുന്നു. ഇതേക്കുറിച്ചൊന്നും വേണ്ടത്ര മനസ്സിലാക്കാതെ പലരും ഇസ്‌ലാമിനെ ദാരിദ്ര്യത്തോട് കൂട്ടികെട്ടാൻ വല്ലാതെ വെമ്പൽ കൊള്ളുന്നു. സത്യത്തിൽ സ്വന്തം സമുദായത്തോട് ദാരിദ്ര്യത്തെ കരുതിയിരിക്കാനും പരമാവധി സമ്പാദിക്കാനും നല്ല മാർഗത്തിൽ ചെലവഴിക്കാനുമാണ് നബി(സ) പഠിപ്പിച്ചത്. അവിടുത്തെ ജീവിതസമരം പരിശോധിച്ചാൽ അതിന്റെ നല്ലൊരു ഭാഗം ദാരിദ്ര്യ നിർമാർജനത്തിനായിരുന്നു ഉപയോഗിച്ചതെന്നുകാണാം. ഫഖ്റ്, ഖില്ല, ദില്ല (ദാരിദ്ര്യം, മനുഷ്യവിഭവകമ്മി, മനഃക്ഷയം) എന്നിവയിൽനിന്ന് രക്ഷപ്പെടുത്താനുള്ള നിരവധി പ്രാർഥനകൾ നബി(സ) പഠിപ്പിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സാധാരണ കാണപ്പെടുന്ന ദാരിദ്ര്യവും കഷ്ടപ്പാടുമെല്ലാം നാം ചെറുത്തുതോൽപിക്കേണ്ട സാമൂഹിക പ്രശ്നങ്ങളാണ്. മൗലികമായി സമ്പന്നൻ-ഗനിയ്യ്- ആവുകയും ദാരിദ്ര്യം തെരഞ്ഞെടുക്കുകയും ചെയ്യുന്നത് മറ്റൊന്നാണ്. സമ്പത്ത് എത്ര ഉണ്ടായാലും ഭൗതികാസക്തിയിൽ പെടാതെ 'സുഹ്ദ് മനസ്സ്' സൂക്ഷിക്കുക എന്നതാണ് പ്രധാനം. ഇങ്ങനെ സമഗ്രവും സന്തുലിതവുമായി വേണം ഇസ്‌ലാമിന്റെ സാമ്പത്തിക വീക്ഷണം ഉൾക്കൊള്ളാൻ. അതോടൊപ്പം വിശ്വാസികളുടെ വർത്തമാന കാലത്തെക്കുറിച്ച തികഞ്ഞ ബോധ്യം ഉണ്ടാവണം. ലോകത്തിന്റെ നേതൃസ്ഥാനമേറ്റെടുക്കാൻ ആജ്ഞാപിക്കപ്പെട്ട ഒരു വിഭാഗം എന്നും പിന്നാക്കമായി കഴിയുന്നത് ശരിയല്ല. അസ്ഥാനങ്ങളിൽ ഉദ്ധരിക്കപ്പെടുന്ന 'ദാരിദ്ര്യ സുവിശേഷങ്ങൾ' ഈ സമുദായത്തെ കൂടുതൽ മാനംകെടുത്താനേ ഉപകരിക്കൂ.

സമ്പത്തിനെ ഖൈർ (നന്മ), ബറകത്ത് (അനുഗ്രഹം) തുടങ്ങിയ ശ്രേഷ്ഠപദങ്ങളിലൂടെയാണ് വിശുദ്ധഖുർആൻ പരിചയപ്പെടുത്തുന്നത്. നിലനിൽപിന്റെ ആധാരമായും സമ്പത്തിനെ എണ്ണിയിരിക്കുന്നു. ''അല്ലാഹു നിങ്ങളുടെ നിലനിൽപിന്നാധാരമാക്കിവെച്ചിട്ടുള്ള സമ്പത്ത് മൂഢന്മാരെ ഏൽപിക്കാതിരിക്കുക'' (*അന്നിസാഅ്* 5). എന്നാൽ സമ്പത്ത് ആർത്തിയോടെ സ്വന്തമാക്കി വെക്കാനും ഇസ്‌ലാം അനുവദിക്കുന്നില്ല. അല്ലാഹുവിന്റെ മാർഗത്തിൽ അത് നിരന്തരം വ്യയം ചെയ്തുകൊണ്ടിരിക്കണം.

തൗഹീദിന്റെ അനിവാര്യോപാധിയത്രെ ഇൻഫാഖ് (സാമ്പത്തികവ്യയം). “വിശ്വാസികളായവരേ, നിങ്ങൾ സമ്പാദിച്ചതിൽനിന്നും ഭൂമിയിൽനിന്നു നാം നിങ്ങൾക്ക് ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നല്ലതിനെ ദൈവികസരണിയിൽ ചെലവഴിക്കുവിൻ... ചെകുത്താൻ നിങ്ങളെ ദാരിദ്ര്യം ഭീഷണിപ്പെടുത്തുകയും നീചകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവോ, അവങ്കൽനിന്നുള്ള പാപമോചനത്തിന്റെയും അനുഗ്രഹങ്ങളുടെയും പ്രതീക്ഷയാകുന്നു നിങ്ങൾക്ക് നൽകുന്നത്. അല്ലാഹു വിശാലഹസ്തനും സർവജ്ഞനുമല്ലോ. അവൻ ഇഛിക്കുന്നവർക്ക് യുക്തിജ്ഞാനം (ഹിക്മത്ത്) നൽകുന്നു. ‘ഹിക്മത്ത്’ ലഭിച്ചവനോ അവന് മഹത്തായ സമ്പത്ത് (നന്മ) ലഭിച്ചുകഴിഞ്ഞു. ബുദ്ധിമാന്മാർ മാത്രമേ പാഠമുൾക്കൊള്ളുകയുള്ളൂ” (*അൽബഖറ* 267-269). അല്ലാഹു സത്യവിശ്വാസികൾക്ക് നൽകുന്ന അത്യുന്നത പദവിയായ ഹിക്മത്ത് ഉദാരമതികളോട് ചേർത്തു പറഞ്ഞത് ഏറെ ശ്രദ്ധേയവും ചിന്തനീയവുമത്രെ.

ഇസ്‌ലാമികബോധവും ജീവസന്ധാരണവും എങ്ങനെ സമന്വയിപ്പിക്കാം? അഥവാ രണ്ടും ചേരുമ്പോൾ ഏതിന് മുൻഗണന നൽകണം? തീർച്ചയായും ഇസ്‌ലാമിക പ്രവർത്തനമായിരിക്കണം (തൗഹീദി സംസ്ഥാപനം) നമ്മുടെ എക്കാലത്തെയും അജണ്ടയിലെ ഒന്നാമത്തെ ഇനം. വിശുദ്ധ ഖുർആൻ പറഞ്ഞു: “പ്രവാചകരേ, പറയുക: നിങ്ങളുടെ പിതാക്കളെയും സന്താനങ്ങളെയും സഹോദരന്മാരെയും ഭാര്യമാരെയും ബന്ധുജനങ്ങളെയും നിങ്ങൾ സമ്പാദിച്ചുവെച്ച മുതലുകളെയും മുടങ്ങിപ്പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന വ്യാപാരങ്ങളെയും നിങ്ങൾ തൃപ്തിപ്പെടുന്ന ഭവനങ്ങളെയുമാണ്, അല്ലാഹുവിനേക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തേക്കാളും നിങ്ങൾ ഇഷ്ടപ്പെടുന്നതെങ്കിൽ നിങ്ങളിതാ കാത്തിരുന്നുകൊള്ളുക. അല്ലാഹു അവന്റെ കൽപന നടപ്പിലാക്കാൻ പോകുന്നു. കുറ്റവാളികളായ ജനത്തിന് അല്ലാഹു മാർഗദർശനമരുളുന്നതല്ല” (*അത്തൗബ* 24). ഇവിടെ ഭൗതികവിഭവങ്ങൾ അല്ലാഹു വിലക്കുന്നില്ല. പ്രത്യുത ഇസ്‌ലാമിക സംസ്ഥാപനയത്നത്തേക്കാൾ അഥവാ അല്ലാഹുവേക്കാളും പ്രവാചകനേക്കാളും ജിഹാദിനേക്കാളും പ്രാധാന്യം ഇതര കാര്യങ്ങൾക്ക് നൽകിയേക്കരുതെന്നുണർത്തുകയാണ്. കാരണം ഇസ്‌ലാമിക പ്രബോധനം എന്ന തിരിച്ചറിവാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ പുണ്യം. അതുകൊണ്ടുതന്നെ അത്തരക്കാർ സ്വാഭാവികമായും ജീവിതത്തിൽ ഊന്നൽ നൽകേണ്ടത് പ്രബോധന പ്രവർത്തനങ്ങൾക്കാണ്. അല്ലാതെ കച്ചവടങ്ങൾക്കോ ഇതര ഭൗതികകാര്യങ്ങൾക്കോ അല്ല. അതത്രെ പ്രവാചക പാത. അബൂബക്റി(റ)നെപ്പോലുള്ള സ്വഹാബിമാർ ഇസ്‌ലാം ആശ്ലേഷിച്ച ശേഷം കച്ചവടം ചുരുക്കുകയും ദഅ്‌വത്തിന് കൂടുതൽ സമയം നീക്കിവെക്കുകയും ചെയ്തത് അതുകൊണ്ടാണ്. ■